# STD - IX

## അദ്ധ്യാപക സഹായി

## പാഠം - ഒന്ന്   ദൈവവിളി   ഭാഗം - ഒന്ന്

### ലക്ഷ്യം

ദൈവം നമ്മെ ഓരോരുത്തരെയും വിളിച്ചിരിക്കുന്നു. നാം വിളിയോട് വിശ്വസ്തരായിരിക്കണം. ദൈവത്തിന്റെ വിളി ദൈവരാജ്യ നിർമ്മിതിക്കുവേണ്ടിയുള്ളതാണ്.

അപരനോട് കരുണ കാണിച്ചുകൊണ്ട് അനുദിനം ചെയ്യേണ്ട ഉത്തരവാദിത്വങ്ങൾ നല്ല മനസ്സോടുകൂടി ചെയ്ത് ദൈവത്തിന്റെ വിളിയോട് ഞാൻ വിശ്വസ്തത പുലർത്തും.

### പഠനസഹായികൾ

* അബ്രാഹത്തിന്റെയും മോശയുടെയും ചിത്രങ്ങൾ.
* ദൈവം അബ്രാഹമിനെയും മോശയെയും വിളിക്കുന്ന വീഡിയോ. https://www.youtube.com/watch?v=nb4mj0H6BJM
* ജീവിതത്തിൽ പൈലറ്റ് ആയിരുന്ന പെൺകുട്ടി, ദൈവത്തിന്റെ വിളികേട്ട്, പൈലറ്റ് ജോലി ഉപേക്ഷിച്ച് ക്രിസ്തുവിന്റെ മണവാട്ടിയായതിന്റെ കഥ Search in Youtube)

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവവിളി - ദൈവത്തിന്റെ സ്നേഹത്തിൽ ജീവിച്ച് പരിപൂർണ്ണതയിലേക്ക് വളരാൻ ദൈവം നമ്മെ വിളിക്കുന്നു. ശത്രുക്കളെയും, മിത്രങ്ങളെയും സ്നേഹിക്കാനും, കരുണകാണിക്കാനും ആണ് ഓരോ ക്രൈസ്തവന്റെയും വിളി.
* അബ്രാഹം, മോശ, ജെറമിയ, പത്രോസ് തുടങ്ങിയ നേതാക്കന്മാരെ ദൈവം വിളിക്കുന്നു.
* ദൈവവിളിയുടെ മാനദണ്ഡങ്ങൾ.

### പ്രാർത്ഥന

ദൈവമേ, അങ്ങയുടെ വിളി അനുസരിച്ച് ജീവിച്ച്, ഭൂമിയിൽ ദൈവരാജ്യം നിർമ്മിക്കാനും അതുവഴി ദൈവത്തോട് വിശ്വസ്തത പുലർത്താനും ഞങ്ങളെ അനുഗ്രഹിക്കണമേ.

### ചോദ്യങ്ങൾ

1. ദൈവസ്വരം കേട്ട് അതിനോട് വിശ്വസ്തത പുലർത്തിയ ഏതാനും നേതാക്കന്മാർ ആരെല്ലാം?
2. ദൈവവിളിയുടെ മാനദണ്ഡങ്ങൾ ഏതെല്ലാം?
3. എന്താണ് ദൈവവിളി?
4. ദൈവവിളി ലഭിച്ചവരുടെ കടമകൾ എന്തെല്ലാം?

# STD - IX

## അദ്ധ്യാപക സഹായി

## പാഠം - ഒന്ന് ദൈവവിളി ഭാഗം - രണ്ട്

### ലക്ഷ്യം

ജ്ഞാനസ്നാനത്തിലൂടെ നാമോരോരുത്തരും യേശുവിന്റെ രാജകീയദൗത്യത്തിൽ പങ്കു ചേരുന്നു. യേശുവിനെപ്പോലെ നാമും മറ്റുള്ളവർക്കുവേണ്ടി ജീവിക്കുകയും മരിക്കുകയും മറ്റുള്ളവരെ ശുശ്രൂഷിക്കുകയും വേണം.

എല്ലാവരെയും ദൈവത്തിലേക്കും അവിടുത്തെ രാജ്യത്തിലേക്കും നയിക്കുവാൻ ഞാൻ പരിശ്രമിക്കും, ചെയ്യുന്ന ഓരോ പ്രവൃത്തിയും ദൈവമഹത്വത്തിനായി മാത്രമായിരിക്കും.

### പഠനസഹായികൾ

* വചനം - മലാ. 2:7, ഹോസി. 4:6, 1 തെസ. 4:7, ആമോ. 5:24, മർക്കോ. 10:29.

### പാഠത്തിന്റെ ഉള്ളടക്കം

* വിളിയുടെ മാനങ്ങൾ
* വിളിക്കപ്പെട്ടവരുടെ ദൗത്യങ്ങൾ
* പുരോഹിതദൗത്യം
* പ്രവാചകദൗത്യം
* രാജകീയ ദൗത്യം
* ദൈവരാജ്യം

### പ്രാർത്ഥന

ദൈവരാജ്യം ഞങ്ങളിൽ തന്നെയാണെന്ന് പഠിപ്പിച്ച കർത്താവേ, കൂടുതൽ ഉത്തരവാദിത്വങ്ങളിലേക്ക് ഞങ്ങളെ വിളിക്കുമ്പോൾ അങ്ങയുടെ വിളിക്കനുസരിച്ച് എല്ലാം ദൈവമഹത്വത്തിനും സമൂഹനന്മയ്ക്കും ഉതകുന്ന തരത്തിൽ ചെയ്യുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

### ചോദ്യങ്ങൾ

1. പ്രവാചകനും രാജാവുമായ ക്രിസ്തുവിന്റെ ത്രിവിധ ദൗത്യങ്ങൾ ഏതെല്ലാം. വിവരിക്കുക.

2. ദൈവരാജ്യ നിർമ്മിതിക്കായി നമുക്ക് എന്തെല്ലാം ചെയ്യാനാകും.

3. ദൈവരാജ്യം നമ്മുടെ ഉള്ളിലും നമുക്ക് ചുറ്റിലും ആണെന്ന് കാണിക്കുന്ന് ഉദാഹരണങ്ങൾ എഴുതുക. (ഉദാഹരണം: വിശക്കുന്നവന് ഭക്ഷണം, കൂട്ടുകാരുടെ പ്രലോഭനങ്ങൾക്കു വഴങ്ങാതെ വീട്ടിൽ അമ്മയെ സഹായിക്കുന്നത്)